VOL 1 ISSUE 3 | JANUARY 2018 apcconvoice@gmail.com | www.apccon.com Private Circulation Only

# APCCON VOICE

FREE
Circulation strictly for Christian Churches only

THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION




2017 കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. പ്രതീക്ഷകളോടും പ്രത്യാശയോടും 2018 എന്ന നവവത്സരത്തിലേക്കു പ്രവേശിക്കുവാൻ ദൈവം നമ്മെ സഹായിച്ചു. ഈ പുതുവർഷം അപ്കോൺ വോയ്സിന്റെ എല്ലാ വായനക്കാർക്കും അംഗത്വ സഭകൾക്കും ആത്മിക അഭിവൃദ്ധിയുടെയും സമാധാന, സന്തോഷസമൃദ്ധിയുടെയും ആത്മപ്രവാഹത്തിന്റെയും ദിനങ്ങളായി മാറട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് പുതുവത്സരാശംസകൾ നേരുന്നു.

അപ്കോൺ വോയ്സ്



## അബുദാബി പട്ടണത്തിൽ

# ആത്മനിറവിന്റെ മൂന്നു ദിനങ്ങൾ

**അബുദാബി** • അബുദാബി പെന്തെക്കോസ്തു ചർച്ചസ് കോൺഗ്രിഗേഷൻ (അപ്കോൺ) ആനുവൽ കൺവൻഷൻ സമാപിച്ചു. 2018 ജനുവരി 1,2,3 ദിവസങ്ങളിൽ നടന്ന സുവിശേഷ മഹായോഗത്തിൽ പ്രസിദ്ധ സുവിശേഷ പ്രഭാഷകൻ പാസ്റ്റർ അനീഷ് ഏലപ്പാറ ദൈവവചനം ശുശ്രൂഷിച്ചു. അപ്കോൺ പ്രസിഡന്റ് പാസ്റ്റർ എം എം തോമസ് പ്രാർത്ഥിച്ചാരംഭിച്ച പ്രസ്തുത യോഗങ്ങളിൽ പാസ്റ്റർമാരായ പി.ടി.പ്രസാദ്, അപ്കോൺ വൈസ് പ്രസിഡന്റ് ബെന്നി പി. ജോൺ, എം ജെ ഡോമിനിക് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. അപ്കോൺ സെക്രട്ടറി ബ്രദ. ഒ.ടി.മാത്യുക്കുട്ടി സ്വാഗതവും ജോയിന്റ് സെക്രട്ടറി ബ്രദർ ജോൺ സി കടമ്മനിട്ട നന്ദിയും പ്രകാശിപ്പിച്ചു. അപ്കോൺ ക്വയർ ഗാനങ്ങൾ ആലപിച്ചു.

CONTD...Page.7

## അപ്കോൺ യൂത്ത് ഫെസ്റ്റും സമ്മാനദാനവും

**അബുദാബി** • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (APCCON) നേതൃത്വത്തിൽ 2018 ഫെബ്രുവരി 3 വൈകിട്ട് 8- 10 വരെ മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ വച്ച് അപ്കോൺ അംഗത്വസഭകളിലെ ഗായകർ അണിനിരക്കുന്ന യൂത്ത് ഫെസ്റ്റ് നടക്കും. പ്രസ്തുത സമ്മേളനത്തിൽ അപ്കോൺ താലന്തുപരിശോധന 2017–18 വർഷത്തിലെ വിജയികൾക്കു സമ്മാനദാനം നൽകും.

## GUEST COLUMN

# നാം കാവൽക്കാർ; നിദ്ര വെടിയുക



**പാസ്റ്റർ ബി. മോനച്ചൻ**
**കായംകുളം**

ലോകത്തിൽ വിശ്വാസിയുടെ സ്ഥാനം കാവൽക്കാരൻ, ക്രിസ്തുവിന്റെ സ്ഥാനാപതി എന്നീ നിലകളിലാണ്. ലോകത്തിന്റെ മുഴുവൻ കാവൽക്കാരൻ ആകുവാൻ നിങ്ങൾക്കു കഴിയില്ല. എന്നാൽ നിങ്ങൾ ആയിരിക്കുന്ന സ്ഥലത്തെ കാവൽക്കാരനായി ദൈവം നിങ്ങളെ ലോകസ്ഥാപനത്തിനു മുമ്പേ കണ്ടിരുന്നു.

ദൈവവചനത്തിൽ വിശ്വാസിയെ വെളിച്ചത്തിനോടും ഉപ്പിനോടും ചെന്നായ്ക്കളുടെ നടുവിലെ കുഞ്ഞാടായും ഒക്കെ ഉപമിച്ചിരിക്കുന്നു. എന്നാൽ ലോകത്തിൽ വിശ്വാസിയുടെ സ്ഥാനം അഥവാ പദവി കാവൽക്കാരൻ, ക്രിസ്തുവിന്റെ സ്ഥാനാപതി (2 കൊരി.5:20) എന്നീ നിലകളിലാണ്. ലോകത്തിന്റെ മുഴുവൻ കാവൽക്കാരൻ ആകുവാൻ നിങ്ങൾക്കു കഴിയില്ല. എന്നാൽ നിങ്ങൾ ആയിരിക്കുന്ന സ്ഥലത്തെ കാവൽക്കാരനായി ദൈവം നിങ്ങളെ ലോകസ്ഥാപനത്തിനു മുമ്പേ കണ്ടിരുന്നു (എഫെ.1:4). നിങ്ങൾ രക്ഷിക്കപ്പെട്ട ദിവസം ഇതിന്റെ ഇന്റർവ്യൂ നടന്നു. നിങ്ങൾ ദൈവപൈതൽ ആയിക്കഴിഞ്ഞപ്പോൾ നിയമന ഉത്തരവ് നൽകിക്കഴിഞ്ഞു (അപ്പൊ.പ്രവൃ.21:16). സകല ദൈവമക്കളും ഈ ലോകത്തിന്റെ കാവൽക്കാരാണ്. ഇനി നിങ്ങൾക്ക് എന്നെ ആരും നിയമിച്ചില്ല എന്നു പറയുവാൻ കഴിയുകയില്ല. കായേനെപ്പോലെ, "ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ" എന്നു ദൈവത്തോട് മറുചോദ്യം ചോദിച്ച് രക്ഷപെടുവാൻ കഴിയില്ല.

ഹബേലിനെ വകവരുത്തിയിട്ടു

CONTD...Page.5

**058- 9239629**
**APCCON WHATSAPP NO.**

- അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.
- നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.



For Private Circulation only - Not for sale

## ഉയരത്തിൽ നിന്നും കൈനീട്ടി എന്നെ പിടിച്ചു



**റെനു അലക്സ്**
**എഡിറ്റർ**

ലോകമെങ്ങുമുള്ള അപ്കോൺ വോയ്സിന്റെ എല്ലാ വായനക്കാർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും പുതുവത്സരാശംസകൾ നേരുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ വിവിധ മാധ്യമങ്ങളിൽ കൂടെയുള്ള ഞങ്ങളുടെ വായനക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്നതിൽ അതിയായി സന്തോഷിക്കുന്നു.

സംഭവബഹുലമായിരുന്ന ഒരു വർഷം കൂടി നമ്മെ വിട്ടു കടന്നുപോയി. പിൻതിരിഞ്ഞു നോക്കിയാൽ, പ്രകൃതിയേയും രാജ്യങ്ങളെയും ഭരണാധികാരികളെയും പറ്റി ചിന്തിച്ചാൽ കഴിഞ്ഞനാളുകളിലെ ദൈവീക നടത്തിപ്പ് എത്ര വലുതായിരുന്നു! യിസ്രായേലിന്റെ മധുര ഗായകൻ ദാവീദ് 18-ാം സങ്കീർത്തനം 4-ാം വാക്യത്തിൽ പറയുന്നതുപോലെ, " മരണപാശങ്ങൾ എന്ന ചുറ്റി; അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു. പാതാളപാശങ്ങൾ എന്നെ വളഞ്ഞു; മരണത്തിന്റെ കണികളും എന്നെ തുടർന്നു പിടിച്ചു. അവശനായ മനുഷ്യൻ "അയ്യോ, യഹോവേ, രക്ഷിക്കേണമേ" എന്നു നിലവിളിച്ചുപോയി. ഈ നിലവിളി കേട്ട് ദൈവം ആകാശം ചായിച്ചിറങ്ങി, ഉയരത്തിൽ നിന്നും സർവ്വശക്തന്റെ കരംനീട്ടി.

എന്തിന്? പെരുവെള്ളത്തിൽ നിന്നും എന്നെ വലിച്ചെടുക്കുവാൻ. വലിയ പ്രതികൂലത്തിൽ കൂടി കടന്നുപോയ സമയത്ത്, ബലമുള്ള കൈയും, നീട്ടിയ ഭുജവും ഉണ്ടെങ്കിലേ രക്ഷിക്കുവാൻ കഴിയൂ. രക്ഷിപ്പാൻ കഴിയാതെവണ്ണം അവന്റെ കരം കുറുകീട്ടില്ല (യെശ.51:11). ഉയർന്നിരിക്കുന്ന, വീര്യം പ്രവർത്തിക്കുന്ന കൈ എന്നെ വലിച്ചെടുത്തു.

കടന്നുപോയ വർഷങ്ങളിൽ സ്വന്ത ബലം കൊണ്ടു നാം നിന്നതല്ല, കർത്താവിന്റെ വീര്യം പ്രവർത്തിക്കുന്ന കൈകൾ നമ്മെ രക്ഷിച്ചു നിർത്തി, ബലപ്പെടുത്തി. ദൈവം നടത്തിയ വഴികളെ ധ്യാനിച്ച് ഈ പുതുവർഷത്തിലും വിശ്വസ്തരായി ദൈവനാമമഹത്വത്തിനായി, കർത്താവിന്റെ വരവിനായി ഒരുങ്ങിനിൽക്കുവാൻ എല്ലാ വായനക്കാരെയും ദൈവം സഹായിക്കട്ടെ.


## APCCON VOICE EDITORIAL BOARD

**Advisory Board:**
Pr. M.M. Thomas
Pr. Benny P. John
Br. O.T. Mathewkutty

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators:**
Br. Lenin
Br. M.J. Baiju

Design & Layout
vbabykylm@gmail.com


## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

അപ്കോൺ വോയ്സിൽ ലേഖനങ്ങളും മറ്റിതര പംക്തികളും എഴുതുന്നവർ A4 പേപ്പറിൽ ഒന്നരപ്പേജിൽ കവിയാതെ എഴുതി അയച്ചുതരിക. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു മാത്രമായിരിക്കും. നിങ്ങളുടെ ലേഖനങ്ങൾ എല്ലാ മാസവും 30-നു മുമ്പായി അയച്ചുതരേണ്ടതാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും പ്രാർത്ഥനാവിഷയങ്ങളും APCCON Whatsapp 058- 9239629- ലോ apcconvoice@gmail.com എന്ന mail Id യിലോ അയച്ചുതരാവുന്നതാണ്.

**എഡിറ്റോറിയൽ ബോർഡ്**
അപ്കോൺ വോയ്സ്

# ജനറൽ കൺവൻഷനുകൾ

## കുമ്പനാട് കൺവൻഷൻ തുടങ്ങി

കുമ്പനാട് • ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ 94-ാമതു അന്തർദേശീയ ജനറൽ കൺവൻഷന് കുമ്പനാട് ഹെബ്രോൻപുരത്ത് അനുഗൃഹീത തുടക്കം. ജനുവരി 14 മുതൽ 21 വരെ കുമ്പനാട് ഹെബ്രോൻപുരത്തു നടക്കുന്ന യോഗങ്ങളിൽ സഭാനേതൃത്വത്തോടൊപ്പം കർത്താവിൽ പ്രസിദ്ധരായ ദൈവദാസന്മാർ പകലും രാത്രിയും ദൈവവചനം ശുശ്രൂഷിക്കും. 'പരിശുദ്ധാത്മാവിന്റെയും ശക്തിയുടെയും അഭിഷേകം' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. ഇദംപ്രഥമമായി ഐ.പി.സി. മാധ്യമ പ്രവർത്തരുടെ ഗ്ലോബൽ മീറ്റ് 19- ന് നടക്കും. 21-ന് പതിനായിരങ്ങൾ പങ്കെടുക്കുന്ന തിരുവത്താഴ ശുശ്രൂഷയോടും പൊതുസമ്മേളനത്തോടും കൂടെ കൺവൻഷൻ സമാപിക്കും.

## പുനലൂർ എ.ജി. കൺവൻഷൻ

പുനലൂർ • എ.ജി. മലയാളം ഡിസ്ട്രിക്റ്റ് കൺവൻഷൻ ജനുവരി 23 മുതൽ 28 വരെ പുനലൂർ എ.ജി. കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ഏട്ടു ജില്ലകളിൽ നിന്നും 15,000 ലധികം പേർ സഭായോഗത്തിൽ സംബന്ധിക്കുമെന്നു കണക്കാക്കുന്നു.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൺവൻഷൻ

മുളക്കുഴ • ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരളാ സ്റ്റേറ്റ് 95-ാമതു കൺവൻഷൻ ജനുവരി 22-28 വരെ തിരുവല്ല രാമൻചിറയിലുള്ള കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കും. ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം.

## ബെഥേൽ എ.ജി അബുദാബി കൺവൻഷൻ സമാപിച്ചു




**അബുദാബി** • അബുദാബി ബെഥേൽ അസംബ്ലി ഓഫ് ഗോഡ് ചർച്ചിന്റെ ഗോസ്പൽ കൺവൻഷൻ 2017 ഡിസംബർ 18 - 20 ദിവസങ്ങളിൽ വളരെ അനുഗ്രഹപ്രദമായി മുസഫ ബ്രദ്റൺ ചർച്ച് സെന്ററിൽ നടന്നു. പ്രാരംഭ ദിനത്തിൽ സഭാ സഹശുശ്രൂഷകൻ പാസ്റ്റർ മോനച്ചൻ വിളക്കുടി പ്രാർത്ഥിച്ച് ആരംഭിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ ഗിവിൻ തോമസ് അദ്ധ്യക്ഷനായിരുന്നു. അപ്കോൺ പ്രസിഡന്റ് പാസ്റ്റർ എം.എം തോമസ് യോഗം പ്രാർത്ഥിച്ചു സമർപ്പിച്ചു. പരിശുദ്ധാത്മാവിന്റെ ശക്തമായ പകർച്ച അനുഭവപ്പെട്ട ഈ യോഗങ്ങളിൽ പാസ്റ്റർ ബാബു ചെറിയാൻ ദൈവവചനം പ്രസംഗിച്ചു.
ബെഥേൽ എ.ജി ക്വയർ ഗാനങ്ങൾ ആലപിച്ചു. അബുദാബിയിലും പരിസരപ്രദേശങ്ങളിലുമുള്ള അനേക ദൈവദാസന്മാരും വിശ്വാസികളും മീറ്റിങ്ങിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു. സഭാ സെക്രട്ടറി ബ്രദർ ബെൻസൺ നന്ദി അറിയിച്ചു.




**MATRIMONIAL**

Proposals invited from parents of baptized and anointed girls aged below 25 based in UAE for a pentecostal boy, aged 25 (height 175 cm) working as Chemical Engineer in a semi-government organization in Abu Dhabi. Mob. 0506145158

# പാസ്റ്റർ പി.ജെ. ഏബ്രഹാം സ്മരണകളിലൂടെ...



**1953** ജനുവരി 1 ന് പരേതരായ പി.സി. ജോണിന്റെയും സാറാമ്മ ജോണിന്റെയും ഒൻപതാമത്തെ മകനായി പി.ജെ. ഏബ്രഹാം ജനിച്ചു. ചണ്ണപ്പേട്ടയിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ജോലി തേടി 1970 കാലഘട്ടത്തിൽ പൂനയിലേക്കു പോയി. അവിടെ വച്ച് ജോലി ലഭിക്കുന്നതിനും അതിലുപരി കർത്താവായ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് പെന്തെക്കോസ്ത് അനുഭവത്തിലേക്കു കടന്നുവരുന്നതിനും ദൈവം ഭാഗ്യമേകി. പൂനയിൽ അന്നു സഭാശുശ്രൂഷകനായിരുന്ന പരേതനായ ഉമ്മച്ചൻ പാസ്റ്ററുടെ കൈക്കീഴിൽ വിശ്വാസസ്നാനമേറ്റ് അദ്ദേഹത്തോടൊപ്പം ദൈവവേലയിൽ വ്യാപൃതനായി. ദൈവേഷ്ടത്താൽ പൂനെയിൽ വച്ചു തന്നെ നിലമ്പൂർ പുളിക്കൻ വീട്ടിൽ സൂസമ്മയെ ജീവിതസഖിയാക്കി. അധികം താമസിക്കാതെ ഇരുവരും ദുബായിലേക്കു യാത്രയായി. സഹധർമ്മിണി സൂസമ്മയ്ക്ക് അബുദാബിയിൽ ഗവൺമെന്റ് സർവ്വീസിൽ ഒരു സ്റ്റാഫ് ആയി ജോലി ലഭിക്കുവാൻ ദൈവം വഴിയൊരുക്കി. 1977-ൽ ഇരുവരും അബുദാബിയിൽ താമസമാക്കി.



അബുദാബിയിലെത്തിയ പി.ജെ. ഏബ്രഹാം ആദ്യകാലങ്ങളിൽ അബുദാബി പെന്തെക്കോസ്തു ചർച്ചുമായി സഹകരിച്ച് അന്നത്തെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ സൈമൺ മാത്യുവുമായി ചേർന്നു ഔദ്യോഗിക ജോലിയോടൊപ്പം സുവിശേഷ പ്രവർത്തനങ്ങളിലും വ്യാപൃതനായി. തുടർന്ന് 1984-ൽ ക്യാമ്പുകളിൽ പ്രാർത്ഥനാഗ്രൂപ്പ് ആരംഭിച്ചു കൊണ്ട് സഭാപ്രവർത്തനത്തിനു തുടക്കം കുറിച്ചു. 1987-ൽ താൻ ആരംഭിച്ച ബേഥേൽ ചർച്ച് ഓഫ് ഗോഡ് സഭ ഇന്ന് അബുദാബി പട്ടണത്തിലെ വലിയ സഭകളിൽ ഒന്നായി മാറി. 40 വർഷത്തെ തന്റെ ദൈവീക ശുശ്രൂഷ മുഖാന്തരം ആയിരങ്ങളെ ക്രിസ്തുവിലേക്കു വഴിനടത്തുവാനും 500-ലധികം വ്യക്തികളെ സ്നാനപ്പെടുത്തുവാനും ദൈവം തന്നെ ഉപയോഗിച്ചു. അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (APCCON) പ്രസിഡന്റായും ഡൽഹി കേന്ദ്രമാക്കിയുള്ള BCDC യുടെ അമരക്കാരനായും ബെഥേൽ ചർച്ച് ഓഫ് ഗോഡ് സീനിയർ പാസ്റ്ററായും സേവനം അനുഷ്ഠിച്ചു.

പാസ്റ്റർ പി.ജെ. ഏബ്രാഹാം, സൂസമ്മ ദമ്പതികൾക്ക് നാല് മക്കളെ കർത്താവ് നൽകി. തികഞ്ഞ ഒരു ദൈവഭക്തനും ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കായി അഹോരാത്രം അദ്ധ്വാനിക്കുന്ന ഒരു നല്ല പോരാളിയുമായിരുന്ന ദൈവദാസൻ 2017 ഡിസംബർ ആറാം തീയതി 64-ാം വയസ്സിൽ താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 2017 ഡിസംബർ 8-ന് പുല്ലായിത്തോട് അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ മീങ്കുളം സെമിത്തേരിയിൽ സംസ്കാരം നടത്തി.

പേജ് 7 കാണുക.

MESSEGE FROM THE PRESIDENT

# ആദ്യസ്നേഹം വിട്ടുകളഞ്ഞ എഫെസോസ് സഭ



**പാസ്റ്റർ എം.എം. തോമസ്**
അപ്കോൺ പ്രസിഡന്റ്

ഭൗതിക കാര്യങ്ങളിലും നാളയെക്കുറിച്ചുള്ള വ്യർത്ഥവിചാരങ്ങളിലും ധനസമൃദ്ധിയിലും സ്വാർത്ഥതയിലും ദൈവത്തോടും സഹവിശ്വാസികളോടും ഉള്ള സ്നേഹം നഷ്ടപ്പെട്ടുവോ?

സംഭവബഹുലമായിരുന്ന ഒരു വർഷം കൂടെ നമ്മെ കടന്നുപോയി. ശുഭപ്രതീക്ഷകളോടും വിശ്വാസത്തോടും ഒരു പുതിയ വർഷത്തിലേക്കു കാൽച്ചുവടു വയ്ക്കുവാൻ കർത്താവ് നമ്മെ സഹായിച്ചു. കഴിഞ്ഞ വർഷം സാധിക്കാത്ത കാര്യങ്ങൾ സാധിക്കുമെന്ന പ്രതീക്ഷ, പൂർത്തീകരിക്കുവാൻ കഴിയാതെ പോയവ പുതിയ വർഷത്തിൽ സഫലമാക്കണമെന്നുള്ള ആഗ്രഹം; ഇതുതന്നെയാണ് ദൈവവും നമ്മിൽ നിന്ന് ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്ന കാര്യങ്ങൾ. അതുതന്നെയാണ് യേശുക്രിസ്തു എഫെസോസ് സഭയോടു പറയുന്നത്: നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നൊരു കുറവ് നിന്നെക്കുറിച്ചു പറയുവാനുണ്ട്. പ്രാരംഭത്തിൽ സഭയോട് അവരുടെ ഏഴു ഗുണങ്ങൾ പറയുന്നു എങ്കിലും കർത്താവ് ആഗ്രഹിക്കുന്നതും താൻ ഏറ്റവും പ്രാധാന്യം കൊടുക്കുന്നതുമായ സ്നേഹം അവിടെ കാണുന്നില്ല. വെളിപ്പാട് 2:4-ൽ പറയുന്നത്, സ്നേഹം വിട്ടുകളഞ്ഞു എന്നുള്ളതാണ് അവരുടെ കുറവ്.

പ്രിയരെ, നാം വളരെ നിസ്സാരമായി വിട്ടുകളയുന്ന കാര്യം ദൈവദൃഷ്ടിയിൽ പ്രാധാന്യമുള്ളതാണെന്നു മറക്കരുത്. നീ ഏതിൽ വീണിരിക്കുന്നു എന്ന് അവിടെ പറയുന്നു. അപ്പോൾ അതു വീഴ്ചയാണ്. എന്താണ് വീഴ്ച? മാനസാന്തര അനുഭവത്തിൽ നിന്നും വീണിരിക്കുന്നു. ഒരു പക്ഷേ കൃപാവരം കാണും; അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തുകാണും. ദൈവത്തിനു കൊടുക്കുന്നതിൽ പിന്നിലല്ല. സഭാഹാളും പാഴ്സണേജും വീടുകളും പണിതുകൊടുത്തു കാണും. രോഗികളും സഹായിക്കുകയും ചാരിറ്റി പ്രവർത്തനം നടത്തുകയും ചെയ്തു കാണും. സഭയിൽ മുഖ്യസ്ഥാനവും പാസ്റ്ററിനോടു ചേർന്നിരിക്കുന്ന ആളുമാകാം. എങ്കിലും ദൈവമക്കളോടും സഹോദരങ്ങളോടുമുള്ള സ്നേഹം എങ്ങനെയുണ്ട്? ആദ്യസ്നേഹം, യേശുവിനെ അറിഞ്ഞ സമയത്തുണ്ടായിരുന്ന സ്നേഹം, ആ നിർമ്മല ഹൃദയം, മാനസാന്തരമുള്ള ഹൃദയം ഇപ്പോൾ ഉണ്ടോ?

എഫെസോസ് സഭയിലെ പാസ്റ്ററിനും വിശ്വാസികൾക്കും ആദ്യകാലത്ത് അവർക്കുണ്ടായിരുന്ന സ്നേഹത്തിന്റെ തീക്ഷ്ണതയും ആഴവും ഇന്നില്ല. സ്നേഹം തണുത്തുപോയി. എങ്ങനെയാണ് തണുത്തത്? ഭൗതിക കാര്യങ്ങളിലും നാളയെക്കുറിച്ചുള്ള വ്യർത്ഥവിചാരങ്ങളിലും ധനസമൃദ്ധിയിലും സ്വാർത്ഥതയിലും ദൈവത്തോടും സഹവിശ്വാസികളോടും ഉള്ള സ്നേഹം നഷ്ടപ്പെട്ടുവോ? "യൗവ്വനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ആണ് കർത്താവ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് (യിരെമ്യാ.2:2).

യേശു ഒരിക്കൽ സ്വശിഷ്യനോട് നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ (യോഹ.21:5) എന്നു ചോദിച്ചു. എഫെസ്യാ ലേഖനത്തിൽ പൗലൊസ് അപ്പൊസ്തലൻ 20 പ്രാവശ്യം സ്നേഹത്തെക്കുറിച്ച് ആവർത്തിച്ചു പറയുന്നു. "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹങ്ങളാലും അവർ നിറഞ്ഞിരുന്നു എങ്കിലും ഉന്നതമായ ആത്മിക അനുഗ്രഹത്തിന് അനുസൃതമായ ആദ്യസ്നേഹം അവരിൽ ഇല്ലാതെ പോയി. സഭയുടെ കാന്തനായ കർത്താവ് ഒരു കുറ്റത്തിനു പോലും കണ്ണ് അടയ്ക്കുന്നവനല്ല എന്നത് ശ്രദ്ധേയമാണ്. യാക്കോബ് 1:4, "നിങ്ങൾ ഒന്നിലും കുറവില്ലാത്തവരും തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ. പുതുവർഷം കർത്താവിനായി സമർപ്പിക്കാം.

2018 സ്നേഹത്തിന്റെ, സന്തോഷത്തിന്റെ, ഐക്യതയുടെ, കൂട്ടായ്മയുടെ നാളുകളായി അപ്കോണിലുള്ള എല്ലാ സഭകൾക്കും നിലനിൽക്കുവാൻ സർവ്വകൃപാലുവായ ദൈവം സഹായിക്കട്ടെ, ആമേൻ.

# The Remnant

## SET APART PEOPLE



SAJI SAM VARGHESE

The word remnant is derived from the Hebrew word "Sheerith"which means rest, residue, remnant, remainder.

"Remnant" means that which remains of an original body or substance. In reference to God's people, it means those who are faithful to His original truth despite opposition.

### Remnant in Old Testament

Paul once asked to church at Rome, "Do you not know what the Scripture says of Elijah, how he appeals to God against Israel? "Lord, they have killed your prophets, they have demolished your altars, and I alone am left, and they seek my life" (Rom 1:2-3)? Then Paul asks, "what is God's reply to him? "I have kept for myself seven thousand men who have not bowed the knee to Baal." So the remnant that Paul speaks about is the remnant of Israel "who have not bowed the knee to Baal" Other Old Testament examples;

- Noah — Noah's family was a faithful remnant supernaturally preserved through a divine cataclysm on the basis of divine grace(Gen. 7:23).

- Abraham — From out of all the nations God sovereignly and graciously chose Abraham with whom to make an unprecedented covenant (Gen. 12:1-3).

- Lot — Lot's family was a faithful remnant supernaturally preserved through a divine cataclysm on the basis of divine grace (Gen. 19:29).

- Isaac — Abraham had two sons, but only one was sovereignly and graciously chosen as a child of promise (Gen. 17:19).

- Jacob — Isaac had twin sons, but only one was sovereignly and graciously chosen as a child of promise (Gen. 28:13-15).

- Joseph — Joseph was sovereignly and graciously chosen in order to save the family of Israel from disaster (Gen. 45:7).

- Caleb and Joshua were the only members of the Exodus generation to enter the land of promise, following divine judgment (Num. 14:38).

- Moses prophesies to Israel that when following eventual divine judgment, a remnant will be sovereignly and graciously preserved and will return to the land (Deut. 30:1-10).

To be continued next issue

# വിശ്വാസത്തിന്റെ ധൈര്യം

ജിബി ജോർജ്ജ്

മനുഷ്യജീവിതം സുഖദുഃഖ സമ്മിശ്രമാണ്. ജീവിതത്തിന്റെ ഈ രണ്ട് അവസ്ഥകളെയും സമചിത്തതയോടെ കൈകാര്യം ചെയ്യുന്ന വ്യക്തിക്കു മാത്രമേ ജീവിതവിജയം സാധ്യമാകൂ. ജീവിതത്തിൽ ലഭിക്കുന്ന സുഖങ്ങളും സന്തോഷങ്ങളും മനുഷ്യർ ആഘോഷിക്കാറുണ്ട്. ഒരു ദൈവപൈതലിന്റെ ജീവിതത്തിലെ സന്തോഷങ്ങൾ ആഘോഷിക്കുവാനുള്ളതല്ല, പ്രത്യുത നന്ദിയുള്ള ഹൃദയത്തോടെ ദൈവത്തിനു സ്തോത്രം ചെയ്യാനുള്ള അവസരങ്ങളായിരിക്കണം. അതുപോലെ തന്നെ ദുഃഖങ്ങളും കഷ്ടങ്ങളും മനുഷ്യരെ മാനസികമായി തകർക്കാറുണ്ട്. പലരും ആത്മഹത്യയിലേക്കും മദ്യപാനത്തിലേക്കും മറ്റും തിരിയുന്നതിന് കാരണവും അതുതന്നെയാണ്. എന്നാൽ കഷ്ടതയിലും ഒരു ദൈവപൈതൽ അതിനോടു പ്രതികരിക്കുന്നതിൽ വ്യത്യാസമുണ്ടായിരിക്കും. കഷ്ടങ്ങളും ദുഃഖങ്ങളും ഒരു ദൈവപൈതലിനെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുന്ന അവസരങ്ങളായി മാറണം.

ദുഃഖകരമെന്നു പറയട്ടെ, പല ദൈവമക്കളും പ്രശ്നങ്ങളും പ്രതികൂലങ്ങളും വരുമ്പോൾ അവ കർത്താവിനോടു പങ്കുവയ്ക്കുവാൻ മറക്കാറുണ്ട്. കർത്താവിനോടു തന്റെ പ്രശ്നം അറിയിക്കുന്നതിനു പകരം തന്റെ കഴിയും പണവും സ്വാധീനവും മറ്റും ഉപയോഗിച്ച് എങ്ങനെ പ്രശ്നപരിഹാരം സാധ്യമാകുമെന്നാണ് പല ദൈവമക്കളും ആദ്യം ചിന്തിക്കുന്നത്. ഒടുവിൽ എല്ലാ വഴികളും അടഞ്ഞുകഴിയുമ്പോൾ ദൈവസന്നിധിയിൽ പ്രശ്നവുമായി എത്തും. ഏറ്റവും അടുത്താഴ്ചയിലെ സഭായോഗത്തിന് കരച്ചിലോടുകൂടിയ ഒരു സാക്ഷ്യം, രാഷ്ട്രീയക്കാരുടെ മിന്നൽ പണിമുടക്കുപോലെ ചില മിന്നൽ ഉപവാസങ്ങൾ, കൂട്ടുസഹോദരന്മാരോടും



സഹോദരിമാരോടും ഉള്ള പ്രാർത്ഥനാഭ്യർത്ഥന. ഇതിലൊന്നും പരിഹാരം കണ്ടില്ലെങ്കിൽ കൊള്ളാവുന്ന ഒരു പ്രവാചകനെ അന്വേഷിക്കും. ഇങ്ങനെ പോകുന്നു ചില ദൈവമക്കളുടെ പ്രശ്നപരിഹാര ക്രിയകൾ!

അപ്പൊസ്തലനായ പൗലൊസ് എബ്രായർക്കെഴുതിയ ലേഖനം 4-ാം അദ്ധ്യായം 15,16 വാക്യങ്ങളിൽ ഇങ്ങനെ വായിക്കുന്നു, "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തക്ക സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തുചെല്ലുക." ഒരു ദൈവപൈതലിന്റെ ആശ്വാസം എന്നത്, നമ്മുടെ കർത്താവ് നമ്മുടെ പ്രശ്നങ്ങളിലും കഷ്ടതകളിലും ബലഹീനതകളിലും നമ്മോടു സഹതാപം കാണിപ്പാൻ കഴിയുന്നവനാണ് എന്നുള്ളതാണ്. ഇതിനു കാരണം പാപം ഒഴികെ സകലത്തിലും നമ്മുടെ കർത്താവ് നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവനാണ് എന്നതുതന്നെ. അതുകൊണ്ടു തന്നെ നമ്മുടെ ഏതു പ്രശ്നങ്ങളും മറ്റാരെക്കാളും മനസ്സിലാക്കാൻ കഴിയുന്നത് നമ്മുടെ കർത്താവിനാണ്. നമ്മുടെ പ്രശ്നങ്ങൾ മറ്റൊരാളോടു പറഞ്ഞാൽ ആ വ്യക്തി അതു പൂർണ്ണമായി മനസ്സിലാക്കണമെന്നില്ല. അതിനു കാരണം, ആ വ്യക്തി അതു മുമ്പ് അനുഭവിച്ചിരിക്കണമെന്നില്ല. അല്ലെങ്കിൽ അതിന്റെ കാഠിന്യം അറിഞ്ഞിരിക്കണമെന്നില്ല. പക്ഷേ, യേശു നമ്മെക്കാളേറെ കഷ്ടതകളും വേദനകളും നമുക്കു മുമ്പേ തന്റെ ജീവിതത്തിൽ അനുഭവിച്ചവനാണ്. ബലഹീനതകളും സാമ്പത്തിക ഞെരുക്കങ്ങളും അപമാനങ്ങളുമെല്ലാം അനുഭവിച്ചു ശീലിച്ച ആ കർത്താവിനോടാണ് നമ്മുടെ വിഷയങ്ങൾ ആദ്യം പങ്കുവയ്ക്കേണ്ടത്.

പലപ്പോഴും നമ്മുടെ പ്രശ്നങ്ങളാണ് ഏറ്റവും വലുതെന്നും മറ്റാരുടേതിനെക്കാളും കഠിനവുമെന്നും നാം ചിന്തിക്കാറുണ്ട്. എന്നാൽ നമ്മുടെ കർത്താവ് അനുഭവിച്ചതിന്റെ ഒരംശം മാത്രമേ നാം അനുഭവിക്കുന്നുള്ളു എന്ന സത്യം നാം മനസ്സിലാക്കുന്നില്ല. നമ്മുടെ വിശപ്പെന്താണെന്നു കർത്താവിന് അറിയാം. കരം കൊടുക്കുവാൻ യേശുവിന്റെ കൈയിൽ പണം ഇല്ലാതിരുന്നതുകൊണ്ട് കടലിൽ ചെന്ന് ചൂണ്ടൽ ഇട്ട് കിട്ടുന്ന മീനിന്റെ വായിൽ നിന്നു ലഭിക്കുന്ന ചതുർദ്രഹ്മ പണം കരമായി കൊടുക്കുവാൻ യേശു പത്രോസിനോട് ആവശ്യപ്പെടുന്നതായി സുവിശേഷത്തിൽ വായിക്കുന്നു. വേർപാടിന്റെ വേദനയും ദുഃഖവും കർത്താവിനറിയാം. ലാസറിന്റെ മരണവീട്ടിൽ മാർത്തയും മറിയയും മറ്റ് യഹൂദന്മാരും കരയുന്നതു കണ്ട് യേശു കരഞ്ഞതായി തിരുവചനത്തിലെഴുതിയിരിക്കുന്നു. രോഗമെന്താണെന്നും അതിന്റെ വേദന എന്താണെന്നും യേശുവിന് അറിയാം. "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ

CONTD...Page.7



For Private Circulation only - Not for sale

# ക്രിസ്തീയ ഓട്ടം



പാസ്റ്റർ ബാബു ചെറിയാൻ

*അബുദാബി ബെഥേൽ എ.ജി കൺവൻഷനിൽ പാസ്റ്റർ ബാബു ചെറിയാൻ ചെയ്ത പ്രസംഗത്തിന്റെ സംക്ഷിപ്തം.*

*തയ്യാറാക്കിയത്:* **ബെൻസൺ മാത്യു**

"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു'' (എബ്രായർ 12:1-2).

## ഓട്ടവും നോട്ടവും

രക്ഷിക്കപ്പെട്ട ഓരോ ദൈവപൈതലും ഒരു ഓട്ടക്കളത്തിലാണ്. നമ്മുടെ ക്രിസ്തീയ ജീവിതത്തെ ഒരു ഓട്ടത്തോട് ഉപമിക്കുവാൻ കഴിയും. ഓടുന്ന ഒരുവന് മറ്റൊരു പ്രവൃത്തിയും ചെയ്തുകൊണ്ട് ഓടുവാൻ കഴിയുകയില്ല. ഓടുന്നവന് ഓടുവാൻ മാത്രമേ കഴിയൂ എന്നുള്ളതുകൊണ്ട് നമ്മുടെ ഓട്ടം സ്ഥിരതയോടെ നമുക്ക് ഓടാം. പൗലൊസിന്റെ ഓട്ടത്തെക്കുറിച്ചുള്ള വാക്കുകൾ നമുക്കു മാതൃകയാക്കാം. കർത്താവ് തന്റെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം തികയ്ക്കുവാൻ, പിൻപിലുള്ളതു മറന്ന് മുമ്പിലുള്ളതിനായി ആഞ്ഞും കൊണ്ട് പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടിയ ഭക്തൻ, തന്റെ മരണത്തോട് അടുത്ത നിമിഷത്തിൽ പറയുന്നു: "ഞാൻ ഓട്ടം തികച്ചു.'' ക്രിസ്തീയ ഓട്ടം വിജയകരമായി തീരണമെങ്കിൽ നമുക്കായി ക്രൂശിൽ യാഗമായിത്തീർന്ന യേശുവിനെ നാം നോക്കണം. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഓരോ ദിവസവും നാം ക്രൂശിനെ ധ്യാനിക്കുക. ക്രൂശിനെ ഉയർത്തുകയും ക്രൂശിൽ നിന്നും ശക്തി പ്രാപിക്കുകയും ചെയ്യുക. നമ്മിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ, നമ്മെ നയിക്കുന്നവൻ, പൂർത്തീകരിക്കുവാൻ ശക്തനാകയാൽ ആ യേശുവിനെ നോക്കി നമുക്ക് ഓട്ടം തികയ്ക്കാം.

## ഓട്ടവും തടസ്സങ്ങളും

ക്രിസ്തീയ ഓട്ടത്തിന്റെ തടസ്സങ്ങൾ സകലഭാരവും മുറുകെപ്പറ്റുന്ന പാപവും ആണ്. ഈ തടസ്സങ്ങളെ അതിജീവിച്ചെങ്കിലേ നമ്മുടെ ഓട്ടം തികയ്ക്കുവാൻ കഴിയുകയുള്ളു. അനുദിന ജീവിതത്തിലെ വിവിധങ്ങളായ ഭാരങ്ങൾ നമ്മുടെ ഓട്ടത്തിനു തടസ്സമാകാതിരിപ്പാൻ, ദൈവം മനോഹരമായി സൃഷ്ടിച്ചു പരിപാലിക്കുന്ന പ്രകൃതിയിലേക്കു നാം ഒന്നു നോക്കണം. ആകാശത്തിലെ പറവകളെ പുലർത്തുന്ന, ചേറിൽ വളരുന്ന താമരയെ ചമയിക്കുന്ന സ്രഷ്ടാവ് നമ്മുടെ ആവശ്യങ്ങൾ നടത്തിത്തരുവാൻ ശക്തനാണ്. ഈ ദൈവത്തിങ്കലേക്ക് സഹായത്തിനായി നമ്മുടെ കണ്ണുകളെ ഉയർത്തണം. പാപത്തിൽ നിന്നും വിടുതൽ പ്രാപിക്കണമെങ്കിൽ നാം പരിശുദ്ധാത്മാവിന്റെ നിറവിൽ ജീവിക്കുന്നവരായിരിക്കണം. ആത്മനിറവിൽ അന്യഭാഷകളിൽ ദൈവത്തെ സ്തുതിക്കുകയും പ്രാർത്ഥിക്കുകയും ദൈവത്തോടു സംസാരിക്കുകയും ചെയ്തു കൊണ്ട് നമുക്കു തന്നേ ആത്മീയവർദ്ധനവു വരുത്തിയാൽ മാത്രമേ പാപത്തിന്മേൽ നമുക്കു ജയം പ്രാപിക്കുവാൻ കഴിയൂ. ആകയാൽ ആത്മനിറവിൽ ജീവിക്കുകയും ആത്മാവിന്റെ നിയോഗം പ്രാപിച്ച് ആത്മാവിനെ അനുസരിച്ച് വിജയകരമായി നമ്മുടെ ഓട്ടം തികയ്ക്കാം.

## ഓട്ടവും വിരുതും

ഓട്ടത്തിൽ കടന്നുവരുവാൻ സാദ്ധ്യതയുള്ള ക്ഷീണവും മടുപ്പും അതിജീവിക്കുവാൻ, പാപികളാൽ തനിക്കു നേരിട്ട വിരോധം സഹിച്ച യേശുവിനെ നാം നോക്കണം. താൻ ഒരു അകൃത്യയാഗമായി തീരുകയും അതിന്റെ ഫലമായി ഉണ്ടാകുന്ന സന്തതിയെ - കർത്താവിന്റെ വരവു വരേയും വീണ്ടും ജനിക്കപ്പെടുന്ന ഓരോ വ്യക്തിയേയും - കാണുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു. മാനസിക, ശാരീരികമായ ഘോരപീഡനങ്ങൾ ഏല്ക്കുമ്പോഴും നിന്ദിക്കപ്പെട്ടപ്പോഴും മരണവേദനയിൽ ആയപ്പോഴും ഒരു വാക്കുപോലും ഉരിയാടാതെ കഷ്ടങ്ങളെ, അപമാനങ്ങളെ അലക്ഷ്യമാക്കിയ, ക്രൂശിനെ സഹിച്ച യേശു നമ്മുടെ ഓട്ടത്തിനു മാതൃകയാണ്. നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന നിത്യതയുടെ വിരുതിനായി, നീതിയുടെ കിരീടം പ്രാപിക്കുവാൻ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കിക്കൊണ്ട്, തടസ്സമായി വരാവുന്ന ഭാരങ്ങളെയും പാപങ്ങളെയും ആത്മനിറവിൻ അനുഭവങ്ങളാൽ അതിജീവിച്ച് ഓട്ടം തികയ്ക്കാം. വാടാത്ത കിരീടം പ്രാപിക്കുവാൻ ദൈവം നമ്മെ എല്ലാവരെയും സഹായിക്കുമാറാകട്ടെ. ആമേൻ.

# നാം കാവൽക്കാർ;നിദ്ര വെടിയുക....

വന്ന കായേനോട് ദൈവം വിളിച്ചു ചോദിക്കുന്നു: "നിന്റെ അനുജനായ ഹാബേൽ എവിടെ?'' ദൈവത്തിനു മുമ്പാകെ നാം ഓരോരുത്തരും നിൽക്കേണ്ടിവരും. അപ്പോൾ നിന്റെ സ്നേഹിതൻ എവിടെ?, മാതാപിതാക്കൾ, സഹോദരങ്ങൾ, അയൽക്കാർ, സഹപ്രവർത്തകർ എവിടെ? എന്ന ചോദ്യത്തിന് ഉത്തരം നൽകേണ്ടിവരും എന്നോർക്കുക.

ഒരു കാവൽക്കാരന്റെ ജോലി പൊതുജന ദൃഷ്ടിയിൽ വിലകുറഞ്ഞതും നിസ്സാരവുമാണ്. എന്നാൽ അയാളെ നിയമിച്ച കമ്പനിയെ സംബന്ധിച്ച് അയാളുടെ സേവനം വിലയേറിയതും ഉത്തരവാദിത്വമുള്ളതുമാണ്. കാവൽക്കാരൻ ഇല്ലെങ്കിൽ സകല പ്രയത്നവും നിഷ്ഫലമാകുവാനും സകല അദ്ധ്വാനവും നഷ്ടപ്പെടുവാനും ഇടയുണ്ട്. ഇതുപോലെ ലോകത്തിന്റെ ദൃഷ്ടിയിൽ ഒരു ദൈവപൈതലും അവന്റെ പ്രവർത്തനവും വിലകുറഞ്ഞ ഏർപ്പാടായി തോന്നാം. എന്നാൽ ദൈവസന്നിധിയിൽ വിലയേറിയതു തന്നെ. ദേശത്തിന്റെ കാവൽക്കാരനായ ഒരു ദൈവപൈതൽ ഡ്യൂട്ടി മറന്ന് ഉറങ്ങിയാൽ മുഴുവൻ ലോകത്തെക്കാളും വിലയുള്ള മനുഷ്യാത്മാക്കൾ നിത്യനാശത്തിൽ പതിക്കും. സാത്താൻ അനേകരെ കൊള്ള ചെയ്തു കൊണ്ടുപോകും.

***നാം കാവൽക്കാരായിരിക്കുമ്പോൾ നമ്മുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണ്?***

- **കാവൽ ചെയ്യുക:** ഇടുവിൽ നിൽക്കുക, മദ്ധ്യസ്ഥത അണയ്ക്കുക എന്നൊക്കെ വേദപുസ്തക ഭാഷയിൽ പറയാം (യെഹെ.22:30). "ഞാൻ ദേശത്തെ നശിപ്പിക്കാതെവണ്ണം അതിന് മതിൽകെട്ടി എന്റെ മുമ്പാകെ ഇടുവിൽ നിൽക്കേണ്ടതിന് ഒരു പുരുഷനെ അന്വേഷിച്ചു, ആരെയും കണ്ടില്ല താനും.'' ഒരു വ്യക്തിയുടെ മദ്ധ്യസ്ഥതയിൽ ഒരു വ്യക്തിയെയോ കുടുംബത്തെയോ അല്ലെങ്കിൽ രാഷ്ട്രങ്ങളെ തന്നെ നേടാം എന്നതിനു വചനത്തിൽ തെളിവുണ്ട്. അബ്രഹാമിന്റെ മദ്ധ്യസ്ഥതയിൽ ലോത്തിനെ വിടുവിച്ചതു കാണുക (ഉല്പ.18:23). ഇടുവിൽ നിൽക്കുവാൻ ആളുണ്ടെങ്കിൽ ന്യായവിധി ഒഴിഞ്ഞുപോകും. മദ്ധ്യസ്ഥത അണയ്ക്കുവാൻ ആളുണ്ടെങ്കിൽ ന്യായവിധി താമസിപ്പിക്കാം. ഫലം കൊടുക്കാത്ത വൃക്ഷത്തെ വെട്ടിക്കളയുവാൻ നീട്ടിയ കൈകളെ തടഞ്ഞത് തോട്ടക്കാരന്റെ മദ്ധ്യസ്ഥത ആയിരുന്നുവല്ലോ (ലൂക്കൊ.13:6-9). അതെ, നമ്മുടെ രാജ്യത്തിനായി ഇടുവിൽ നിൽക്കുവാൻ അവൻ കാവൽക്കാരെ അന്വേഷിക്കുന്നു. നിങ്ങൾ ആയിരിക്കുന്ന ദേശത്തിനായി മദ്ധ്യസ്ഥത അണയ്ക്കുവാൻ കർത്താവ് നിങ്ങളെ നിയമിച്ചിരിക്കുന്നു.

- **മുന്നറിയിപ്പു നൽകുക:** "മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന് കാവൽക്കാരനാക്കിയിരിക്കുന്നു. നീ എന്റെ വായിൽ നിന്ന് കേട്ട് എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കണം.'' (യെഹെ.3:17). വരുവാൻ പോകുന്ന അനർത്ഥങ്ങളെക്കുറിച്ച് ജനത്തിനു മുന്നറിയിപ്പു നൽകേണ്ട ചുമതല കാവൽക്കാരനുള്ളതാണ്. "ദുഷ്ടനോട് നീ മരിക്കും എന്നു കൽപ്പിക്കുവാൻ അവനെ ഭരമേൽപ്പിച്ചിരിക്കുന്നു.''

നോഹയുടെ കാലഘട്ടത്തിൽ ദൈവം അവനെ ആ ജനസമൂഹത്തിന്റെ മുഴുവൻ കാവൽക്കാരനാക്കിത്തീർത്തു. ആ കാലഘട്ടത്തിലെ ജനങ്ങളോടു മുഴുവൻ രണ്ട് സന്ദേശങ്ങൾ നോഹയ്ക്ക് അറിയിക്കുവാനുണ്ടായിരുന്നു. വരുവാൻ പോകുന്ന ന്യായവിധിയെയും കൃപയാൽ ദൈവം ഒരുക്കിയിരിക്കുന്ന പെട്ടകത്തിലൂടെയുള്ള രക്ഷയേയും കുറിച്ചായിരുന്നു അത്. നമുക്കും ഈ സമൂഹത്തെ അറിയിക്കുവാൻ രണ്ടു സന്ദേശങ്ങൾ ഉണ്ട്. ക്രിസ്തുയേശുവിലൂടെ ദൈവം മാനവജാതിക്കായി ഇപ്പോൾ ഒരുക്കിയിരിക്കുന്ന കൃപയാലുള്ള രക്ഷയേയും, ഈ രക്ഷ തിരസ്ക്കരിച്ചാൽ വരുവാൻ പോകുന്ന ന്യായവിധിയേയും സംബന്ധിച്ചാണിത്.

ഏതു കാലഘട്ടത്തിലും ദൈവീക അരുളപ്പാടുകൾ മുന്നറിയിപ്പായി നൽകുന്ന പ്രവാചക ശ്രേഷ്ഠർ, കാവൽക്കാർ ദൈവത്തിന് ഉണ്ടായിരുന്നു. ഈ അന്ത്യകാലത്തിൽ ദൈവം നമ്മെയും കാവൽക്കാരായി നിയമിച്ചിരിക്കുന്നു. നാം നമ്മുടെ ഉത്തരവാദിത്വങ്ങൾ മറന്ന് ഉറങ്ങരുത്.

- **സമയം അറിയിക്കുക:** കാവൽക്കാരന്റെ അടുത്ത ഉത്തരവാദിത്വമാണ് സമയം അറിയിക്കുക എന്നുള്ളത്. "കാവൽക്കാരാ, കാവൽക്കാരാ രാത്രി എന്തായി എന്നു സെയീരിൽ നിന്നും ഒരുത്തൻ വിളിച്ചു ചോദിക്കുന്നു. അതിന് കാവൽക്കാരൻ, പ്രഭാതവും രാത്രിയും വന്നിരിക്കുന്നു'' (യെശ. 21:11,12) എന്നു പറഞ്ഞു. സമയം അറിഞ്ഞവനു മാത്രമേ സമയം അറിയിക്കുവാൻ കഴിയുകയുള്ളു. ഒന്ന്, നാം സമയത്തെ അറിയുക. രണ്ട്, സമയത്തെ അറിയിക്കുക (റോമ.12:11). സമയം അറിയിക്കേണ്ട ജനം തന്നെ സമയത്തെ അറിയാതെ ഉറങ്ങുന്നു എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ ദുഃഖം.

കാവൽക്കാരൻ തന്റെ ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തിയാൽ വരുന്ന അനർത്ഥം വലുതായിരിക്കും. മനുഷ്യാത്മാക്കളുടെ കാവൽക്കാരായ നാം വീഴ്ച വരുത്തിയാൽ അവരുടെ രക്തം ദൈവം നമ്മോടു ചോദിക്കും എന്നു വചനം മുന്നറിയിപ്പു നൽകുന്നു (യെഹെ. 3:17,18; 31:6-8). അപ്പൊസ്തലനായ പൗലൊസ് ഇതിനെക്കുറിച്ച് വ്യഗ്രത ഉള്ളവനായിരുന്നു. അതുകൊണ്ട് അദ്ദേഹം പറയുന്നു, "നിങ്ങളിൽ ആരെങ്കിലും നശിച്ചുപോയാൽ ഞാൻ കുറ്റക്കാരൻ അല്ല എന്നു ഞാൻ ഇന്നേ ദിവസം നിങ്ങളോടു സാക്ഷ്യം പറയുന്നു.'' കാരണം, "ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവയ്ക്കാതെ പരസ്യമായും, വീടുതോറും നിങ്ങളോട് അറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു'' (അപ്പൊ.പ്രവൃ.26:26,27). ദൈവസന്നിധിയിൽ നമുക്കും ഈ പ്രത്യാശ ഉണ്ടായിരിക്കട്ടെ. നാം കാവൽക്കാർ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി നിറവേറ്റുക.

For Private Circulation only - Not for sale

സിസ്റ്റർ വൽസ




# വാക്ക് ഇൻ ഇന്റർവ്യൂ

റോയിമോൻ പുസ്തകവുമായി വരാന്തയിലേക്കു പോയി. തണൽമരങ്ങൾ സമീപമുള്ള വരാന്തയിലിരുന്ന് മന്ദമാരുതന്റെ ആശ്ലേഷമേറ്റ് പഠിക്കുന്നത് ഒരു സുഖം തന്നെയാണ്. പഠനത്തിനിടയിൽ അറിയാതെ ഉറക്കത്തിലേക്കു വഴുതിവീണു. കാറിന്റെ ശബ്ദം കേട്ടു ഞെട്ടിയുണർന്നപ്പോൾ അതാ പപ്പാ മുന്നിൽ നിൽക്കുന്നു. പപ്പ അവനെ ദേഷ്യത്തിൽ ശകാരിക്കുവാൻ തുടങ്ങി. വീട് തുറന്നിട്ടിരിക്കുന്നു, പുസ്തകങ്ങൾ വാരിവലിച്ചിട്ടിരിക്കുന്നു, ഒന്നിനും ഒരു സൂക്ഷ്മതയില്ല. പഠനത്തിൽ ശ്രദ്ധയും ഉത്തരവാദിത്തവും എന്നുണ്ടാവുമെന്നു ചോദിച്ച് അവനെ തല്ലുവാൻ തുടങ്ങി. റോയിമോന് എന്തെന്നില്ലാത്ത വിഷാദം ഉള്ളിൽ തിരതല്ലി. എന്തൊരു ജീവിതമാണിത്! എങ്ങനെയെങ്കിലും പത്താം ക്ലാസ് കഴിഞ്ഞാൽ പിന്നെ ഇവിടെ നിന്നും എങ്ങോട്ടെങ്കിലും രക്ഷപെടണം. പപ്പയുടെ പട്ടാളച്ചിട്ടയുള്ള ജീവിതത്തിൽ നിന്നും എങ്ങനെയെങ്കിലും രക്ഷപെടണമെന്ന ചിന്തയോടെ ഉറക്കമിളച്ചിരുന്ന് അവൻ പഠിക്കുവാൻ തുടങ്ങി. എന്നാൽ ഉദ്ദേശിച്ച മാർക്ക് ലഭിച്ചില്ലെന്നു മാത്രമല്ല, അയൽവക്കത്തെ ജോണിയുടെ അത്രയും മാർക്ക് കിട്ടാത്തതിൽ പപ്പാ ക്ഷുഭിതനാവുകയും ചെയ്തു.

വീട്ടിലിരിക്കുമ്പോൾ ഗേറ്റ് ആര് തുറന്നിട്ടാലും അടയ്ക്കുന്നത് റോയിമോന്റെ പണിയാണ്. പൈപ്പുകൾ തുറന്നിട്ടു പോയാലും, വാതിൽ അടച്ചില്ലെങ്കിലും, മുറ്റത്ത് ഇലകൾ വീണു വൃത്തികേടായാലും, ഡ്രസുകൾ ഹാങ്കറിൽ ഇട്ടിട്ടില്ലെങ്കിലും, ഷൂറാക്കിൽ വച്ചിട്ടില്ലെങ്കിലും എല്ലാം റോയിമോനെ വഴക്കു പറയും. മുതിർന്നിട്ടും മോന്റെ സ്വഭാവത്തിനും പപ്പയുടെ ശകാരത്തിനും മാറ്റം വന്നില്ല.

പപ്പായിൽ നിന്നും എങ്ങനെയെങ്കിലും രക്ഷപെടണം. ഈ വീട്ടിൽ നിന്നും എങ്ങോട്ടെങ്കിലും പോകണം. വേറെ ഏതെങ്കിലും സ്ഥലത്ത് ചെറിയ ഒരു ജോലി കിട്ടിയാൽ സമാധാനത്തോടെ അവിടെ ജീവിക്കാം എന്നായി റോയിമോന്റെ ചിന്ത. പപ്പ ഓഫീസ് ജോലിയിൽ എപ്പോഴും തിരക്കാണ്. അഥവാ എന്തെങ്കിലും സംസാരിച്ചാൽ തന്നെ അടുക്കും ചിട്ടയും പഠിക്കാനുള്ള ഉപദേശങ്ങൾ മാത്രം. ഇതിനിയും തുടരാനാവില്ല. ചില കാര്യങ്ങൾ തീരുമാനിച്ചുറച്ച് റോയിമോൻ കിടന്നുറങ്ങി.

രാവിലെ പപ്പ ഓഫീസിൽ പോയ സമയത്ത് പപ്പയുടെ മുറിയിൽ നിന്നും കിട്ടിയ ചെറിയ ചെപ്പിലുണ്ടായിരുന്ന നാണയത്തുട്ടുകളെടുത്ത് റോയിമോൻ ബാംഗ്ലൂരിനു വണ്ടികയറി. അവിടെ അവന്റെ ഒരു കൂട്ടുകാരൻ ജോലി ചെയ്യുന്നുണ്ടായിരുന്നു. ഐ.ടി. കമ്പനിയുടെ അടുത്ത് എന്നല്ലാതെ കൂടുതൽ വിവരങ്ങൾ അറിയില്ലായിരുന്നു. ഏതായാലും അവനെ കണ്ടുപിടിച്ച് ഒരു ജോലി തരപ്പെടുത്തണമെന്നു കരുതി റോയിമോൻ ഐ.ടി. കമ്പിനിക്കടുത്ത് ബസ്സിറങ്ങി. കുറച്ചു ദൂരം നടന്നപ്പോൾ അകത്തോട്ടുള്ള വഴിയിൽ വലിയൊരു ഗേറ്റ അവന്റെ കണ്ണിൽപെട്ടു. ഗേറ്റിനടുത്ത് രണ്ടു സെക്യൂരിറ്റിമാർ കാവൽ നിൽക്കുന്നു. അതിനുള്ളിൽ ചുറ്റും പൂന്തോട്ടമൊക്കെയുള്ള വലിയൊരു കെട്ടിടം. ഗേറ്റിനു മുമ്പിൽ വലിയൊരു ബോർഡ് വച്ചിരിക്കുന്നത് റോയിമോൻ വായിച്ചു.'' ആർക്കും കടന്നുവരാം; ഇവിടെ നിങ്ങൾക്കു ജോലി ലഭിക്കും. ജോലിപരിചയം ഇല്ലാത്തവർക്കും സ്വാഗതം'' വാക്ക് ഇൻ ഇന്റർവ്യൂ.

റോയിമോന് കൗതുകം തോന്നി. ഒന്നു കയറി നോക്കിയാലോ? ഇത് വെറും കളിപ്പീരായിരിക്കുമെന്ന ചിന്ത ഉള്ളിലുണ്ട് എന്നാൽ വിശപ്പിന്റെ വിളിയും ശൂന്യമായ പോക്കറ്റും ഓർത്തപ്പോൾ റോയിമോൻ ഒരു പരീക്ഷണത്തിനു മുതിർന്ന് ഗേറ്റിനുള്ളിൽ പ്രവേശിച്ചു. തുറന്നു കിടന്ന ഗേറ്റു കണ്ടപ്പോൾ പപ്പായെ ഓർത്തു. വേഗം ഗേറ്റ് നന്നായി അടച്ചു. മുന്നോട്ടു നടന്നപ്പോൾ കാൽപ്പാദം നനച്ചുകൊണ്ട് വെള്ളം ഒഴുകുന്നു. വാട്ടർ ഹോസിലൂടെ വെള്ളം പാഴാകുന്നത് അവന്റെ ശ്രദ്ധയിൽപെട്ടു. ആരോ ചെടി നനച്ചിട്ട് പൈപ്പ് അടയ്ക്കാൻ മറന്നുപോയതാണ്. അവൻ വേഗം ചെന്ന് പൈപ്പ് അടച്ചു. ഹോസ് ചുരുട്ടി യഥാസ്ഥാനത്തു വച്ചു. റോഡിലേക്ക് ഒഴുകിക്കൊണ്ടിരുന്ന വെള്ളം കാൽകൊണ്ട് ഒരു ചാൽ ഉണ്ടാക്കി പൂന്തോട്ടത്തിലേക്കു തിരിച്ചുവിട്ടു. കൈയും കാലും മുഖവും കഴുകി അവന്റെ ഇന്റർവ്യൂ നടക്കുന്ന സ്ഥലത്തു ചെന്നു. ഇരുപതു പേർ അവനു മുമ്പായി അവിടെ എത്തിയിട്ടുണ്ട്. ദൈവമേ, എന്തെങ്കിലും സാദ്ധ്യതയുണ്ടാകണമേ എന്നവൻ ഉള്ളുരുകി പ്രാർത്ഥിച്ചു. ഇരുപതു പേരും ഇന്റർവ്യൂ കഴിഞ്ഞ് കുനിഞ്ഞമുഖത്തോടെ കടന്നുപോയി. ഇരുപതാമനോട് റോയിമോൻ പതിയെ ചോദിച്ചു, എങ്ങനെയുണ്ടായിരുന്നു? ''ഹോ, വെറും പ്രഹസനം, നീ വേറെ വല്ലയിടത്തും ജോലി നോക്കിക്കോ'' എന്നായിരുന്നു അയാളുടെ മറുപടി. എന്നാലും ഇവിടെ വരെ വന്നതല്ലോ മുന്നോട്ടു വച്ച കാൽ പിന്നോട്ടില്ല എന്നവൻ തീരുമാനിച്ചു. അവസാനം റോയിമോന്റെ ഊഴം വന്നു. ഇന്റർവ്യൂവിന് 4 ഓഫീസർമാർ ഉണ്ടായിരുന്നു. അവർ വളരെ സൗമ്യമായി അവന്റെ വിശേഷങ്ങൾ തിരക്കുക മാത്രം ചെയ്തു. അവന്റെ പപ്പയെക്കുറിച്ചും എവിടെ താമസിക്കുന്നു എന്നുമൊക്കെ ചോദിച്ചറിഞ്ഞു. ഇവർ വെറുതെ എന്തെങ്കിലും ചോദിച്ച് തന്നെ ഒഴിവാക്കാനായിരിക്കുമെന്നു റോയിമോൻ കരുതി. എന്നാൽ ആ കൂട്ടത്തിൽ പ്രായമുള്ള ആൾ പറഞ്ഞു, You are appointed''. അവൻ ഞെട്ടിപ്പോയി. എന്നോട് മറ്റൊന്നും ചോദിച്ചില്ലല്ലോ എന്നു റോയിമോൻ പറഞ്ഞപ്പോൾ അവർ CCTV കാണിച്ചുകൊണ്ടു പറഞ്ഞു, നീ ഗേറ്റിനടുത്തു വന്നതു മുതൽ ചെയ്ത ഓരോ കാര്യങ്ങളും ഞങ്ങൾ ശ്രദ്ധിക്കുകയായിരുന്നു. നീ ഗേറ്റ് അടച്ചതും തുറന്നു കിടന്ന പൈപ്പ് നിറുത്തി ഹോസ് യഥാസ്ഥാനത്തു വച്ചതും എല്ലാം. ഇതൊരു chemical based കമ്പിനിയാണ്. ഇതിലെ വസ്തുക്കളെല്ലാം വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടവയാണ്. അതിനു നീ പ്രാപ്തനാണ്. നിന്നെ ഈ സ്ഥലത്തെ സൂപ്പർവൈസറായി നിയമിച്ചിരിക്കുന്നു. നാളെ ജോലിയിൽ പ്രവേശിക്കുക.

റോയിമോൻ ആഹ്ലാദത്തോടെ പുറത്തിറങ്ങി. അവൻ അനന്തതയിലേക്കു നോക്കി. അസ്തമയ സൂര്യൻ ഒളികണ്ണിട്ടു നോക്കി. അവന്റെ മനസ്സ് പറഞ്ഞു, അതു പപ്പായാണ്. ഞാൻ പറഞ്ഞത് അനുസരിച്ചപ്പോൾ നിനക്ക് സന്തോഷവും ഉയർച്ചയും ഒക്കെ വന്നില്ലേ.

എത്രയും പെട്ടെന്ന് പപ്പായെ കാണണമെന്നും ആ കാലിൽ വീണു മാപ്പു പറയണമെന്നും ഉള്ളിലാരോ മന്ത്രിക്കുന്നതുപോലെ തോന്നി. ആഴ്ചാവസാനം വീട്ടിൽ പോയി അങ്ങനെ ചെയ്യാമെന്ന തീരുമാനത്തോടെ അവൻ ഓഫീസ് ഗേറ്റിനു പുറത്തിറങ്ങി.

''മക്കളെ, അപ്പന്റെ പ്രബോധനം കേട്ടു വിവേകം പ്രാപിക്കേണ്ടതിന് ശ്രദ്ധിപ്പിൻ, ഞാൻ നിങ്ങൾക്കു സൽബുദ്ധി ഉപദേശിച്ചു തരുന്നു. എന്റെ ഉപദേശം നിങ്ങൾ ഉപേക്ഷിക്കരുത്'' (സദൃശ്യ.4:1,2).

പ്രിയ ദൈവമക്കളെ, നമ്മുടെ ജീവിതത്തിൽ ഓരോ തെറ്റുകൾ കാണുമ്പോൾ മാതാപിതാക്കൾ, സഹോദരങ്ങൾ, അദ്ധ്യാപകർ, സഭാപാസ്റ്റർ എന്നിവരൊക്കെ കുറ്റപ്പെടുത്തുകയും തിരുത്തിത്തരികയും ചെയ്യാറുണ്ട്. അതു നമ്മുടെ നന്മയ്ക്കാണെന്നു കരുതി ഏറ്റെടുത്താൽ പിന്നത്തേതിൽ അനുഗ്രഹമായിരിക്കും. അതിനായി പരിശ്രമിക്കാം.



For Private Circulation only - Not for sale

# അനുസ്മരണ മീറ്റിംഗ്



അബുദാബി• അപ്കോൺ മുൻ പ്രസിഡന്റായിരുന്ന പാസ്റ്റർ പി.ജെ. ഏബ്രഹാമിന്റെ അനുസ്മരണാർത്ഥം 2017 ഡിസംബർ 17 ന് അപ്കോണിന്റെ നേതൃത്വത്തിൽ അനുശോചന മീറ്റിംഗ് സംഘടിപ്പിച്ചു. അപ്കോൺ പ്രസിഡന്റ് പാസ്റ്റർ എം.എം. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അപ്കോൺ അംഗത്വസഭകളിലെ ദൈവദാസന്മാരും ദൈവമക്കളും അപ്കോൺ സെക്രട്ടറി ബ്രദ. ഒ.റ്റി. മാത്യുക്കുട്ടിയും പാസ്റ്റർ പി.ജെ. ഏബ്രഹാമിന്റെ പ്രവർത്തനങ്ങളെ അനുസ്മരിക്കുകയും അനുശോചനവും പ്രത്യാശയും അറിയിക്കുകയും ചെയ്തു. ബെഥേൽ ചർച്ച് ഓഫ് ഗോഡ് പാസ്റ്റർ ബെന്നി പി. ജോൺ മറുപടി പ്രസംഗം നടത്തി. പാസ്റ്റർ പി.ജെ. തോമസിന്റെ (കല്ലുമല ചർച്ച് ഓഫ് ഗോഡ്)പ്രാർത്ഥനയോടെ മീറ്റിംഗ് അവസാനിച്ചു.

## അബുദാബി പട്ടണത്തിൽ ആത്മനിറവിന്റെ മൂന്നുദിനങ്ങൾ...

ആഴമായ തിരുവചനത്തിന്റെ വെളിപ്പാടും അസാധാരണമായ ആത്മപകർച്ചയും എല്ലാ യോഗങ്ങളിലും അനുഭവപ്പെട്ടുകൊണ്ടിരുന്നു. നിരവധി യുവജനങ്ങൾ തികഞ്ഞ സമർപ്പണത്തോട് പുതുവർഷത്തിന്റെ ആരംഭത്തിൽ തന്നെ മുമ്പോട്ടു വന്നു. അബുദാബി പട്ടണത്തിലെ 20 സഭകളിൽ നിന്നുള്ള ദൈവദാസന്മാരും കുടുംബങ്ങളും സഭാജനങ്ങളും പങ്കെടുത്തു. അബുദാബിയിലും പരിസരപ്രദേശങ്ങളിലും ഉള്ള വേർപെട്ട ദൈവമക്കളുടെ ഈ കൂട്ടായ്മ അനേകരുടെ ആത്മിക വിടുതലിനു കാരണമായിത്തീർന്നു.




## പൊതുയോഗം

**അബുദാബി •** കർമ്മേൽ ഐ.പി.സി.അബുദാബിയുടെ 2018-19 വർഷത്തെ പൊതുയോഗവും പുത്രികാസംഘടനയായ പി.വൈ.പി.എ.യുടെ വാർഷികവും ജനുവരി 26 വെള്ളിയാഴ്ച ബ്രദറൺ ചർച്ച് സെന്റർ G4 ഹാളിൽ നടക്കും. പ്രസ്തുത യോഗത്തിൽ സഭ, പി,വൈ.പി.എ., സോദരീസമാജം എന്നിവയുടെ പുതിയ ഭരണസമിതിയെ തിരഞ്ഞെടുക്കുന്നതാണെന്ന് സഭാശുശ്രൂഷകൻ പാസ്റ്റർ എം.എം. തോമസ് അറിയിച്ചു.

## പി.വൈ.പി.എ. വാർഷിക സമ്മേളനം

**അബുദാബി •** ഐ.പി.സി. ഗിൽഗാൽ അബുദാബി പി.വൈ.പി.എ. വാർഷിക സമ്മേളനം ജനുവരി 18 വ്യാഴാഴ്ച വൈകിട്ട് 7.30 മുതൽ 10.30 വരെ പാസ്റ്റർ എം.ജെ. ഡൊമനിക്കിന്റെ നേതൃത്വത്തിൽ നടക്കും. പാസ്റ്റർ ഫിജി ജോൺ മുഖ്യസന്ദേശം നൽകും. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ എം. ജെ. ഡൊമനിക്ക് - 050 6637365, സിസ്റ്റർ ബിജി ജോജി (പി.വൈ.പി.എ. സെക്രട്ടറി)

## യൂത്ത് ആനിവേഴ്സറി മീറ്റിംഗ്

**അബുദാബി •** അബുദാബി പെന്തെക്കോസ്തൽ ചർച്ചിന്റെ (ADPC) ആഭിമുഖ്യത്തിൽ ജനുവരി 20-ന് ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ ബേസ്മെന്റ് ഹാളിൽ വച്ച് രാവിലെ മുതൽ യൂത്ത് ആനിവേഴ്സറി മീറ്റിംഗ് നടക്കും. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ഒ.പി.ബാബു, 050- 1683567

## വിശ്വാസത്തിന്റെ ധൈര്യം... പേജ് 4-ൽ നിന്നും തുടർച്ച

വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു" എന്ന് യെശയ്യാ പ്രവാചകൻ എഴുതിയിരിക്കുന്നു. നമ്മുടെ രോഗത്തിന്റെ വേദനകളെ കർത്താവ് ക്രൂശിൽ അനുഭവിച്ചതാണ്. തലവേദനയുള്ള വ്യക്തി കർത്താവിന്റെയത്ര വേദന അനുഭവിച്ചിട്ടില്ല. കാരണം, നമ്മുടെ കർത്താവിന്റെ തലയിൽ മുൾക്കിരീടം തറയ്ക്കപ്പെട്ടതാണ്. കാലുകൾക്കു വേദനയാൽ ഭാരപ്പെടുന്നവർ ചിന്തിക്കേണ്ടത്, യേശുവിന്റെ കാലുകൾ ഇരുമ്പാണിയാൽ തുളയ്ക്കപ്പെട്ടു എന്നതാണ്. നടുവേദനയാൽ ബുദ്ധിമുട്ടുന്നവർക്ക് കർത്താവ് അനുഭവിച്ചതുപോലെ വേദന അനുഭവിക്കേണ്ടി വന്നിട്ടില്ല. റോമൻ പട്ടാളക്കാരാൽ യേശുവിന്റെ പുറം ഉഴവുചാലുപോലെ കീറപ്പെട്ടു എന്ന് തിരുവചനത്തിൽ നാം വായിക്കുന്നു. ശ്വാസതടസ്സത്താൽ ഭാരപ്പെടുന്നവർ ആറു മണിക്കൂറോളം ശരീരഭാരം മുഴുവൻ കൈകളിൽ തൂങ്ങപ്പെട്ട കർത്താവ് ശ്വസിക്കാൻ എത്ര ബുദ്ധിമുട്ടിയിരിക്കുമെന്നു ചിന്തിച്ചിട്ടുണ്ടോ? ഇതുപോലെ ഏതു രോഗത്തിന്റെ വേദന ആയാലും നമ്മുടെ കർത്താവ് അതിന്റെ പരമാവധി ക്രൂശുമരണത്തിൽ അനുഭവിച്ചതാണ്. അതുകൊണ്ട് നമ്മുടെ പ്രശ്നങ്ങളും വേദനകളും കർത്താവിനോളം മനസ്സിലാക്കുവാൻ മറ്റാർക്കും കഴിയില്ല എന്ന സത്യം ഓരോ ദൈവപൈതലും മനസ്സിലാക്കണം. മാനുഷിക ബുദ്ധിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതിനു മുമ്പ് യേശുവിനോടു നമ്മുടെ പ്രശ്നങ്ങൾ പറയാൻ നാം ശീലിക്കണം. പ്രശ്നങ്ങൾ ചെറുതോ വലുതോ ആയിക്കൊള്ളട്ടെ, കർത്താവിനു മാത്രമേ അതിന്റെ ഗൗരവം മനസ്സിലാവുകയുള്ളു.

പൗലൊസ് അപ്പൊസ്തലൻ ആ വാക്യം അവസാനിപ്പിക്കുന്നതു ശ്രദ്ധിക്കുക, "... നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക." ഒരു ദൈവപൈതലിന് അവന്റെ പ്രശ്നങ്ങൾ കർത്താവിനെ ഏൽപ്പിക്കാൻ ഒരു ധൈര്യം ആവശ്യമാണ്. വിശ്വാസത്തെക്കുറിച്ച് ഒരാൾ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: "Faith is having the courage to let God have control." കർത്താവിലുള്ള നമ്മുടെ വിശ്വാസം എന്നത്, നമ്മുടെ പ്രശ്നങ്ങൾ പൂർണ്ണമായി കർത്താവിന്റെ ഹിതത്തിനും സഹായത്തിനുമായി ഏൽപ്പിക്കാനുള്ള നമ്മുടെ ധൈര്യമാണ്. പലപ്പോഴും കർത്താവിലുള്ള ധൈര്യക്കുറവാണ് നമ്മെ മാനുഷികമായ പ്രശ്നപരിഹാരത്തിൽ കൊണ്ടെത്തിക്കുന്നത്. ചിലർ ചെറിയ വിഷയങ്ങൾ കർത്താവിനെ ഏല്പിക്കും. എന്നാൽ നിർണ്ണായക വിഷയങ്ങളിൽ സ്വന്തബുദ്ധിയും പണവും മറ്റും ഉപയോഗിക്കും. എന്നാൽ കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് നമ്മുടെ എല്ലാ വിഷയങ്ങളുമായി ധൈര്യത്തോടെ തന്റെ കൃപാസനത്തിന് അടുത്തുചെല്ലാനാണ്. നമ്മുടെ കർത്താവ് നമ്മോടു കൃപയും കരുണയും കാണിക്കാതിരിക്കുകയില്ല. കാരണം, കർത്താവ് നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവനത്രെ. ഈ ധൈര്യവുമായി നമുക്കു കൃപാസനത്തിന് അടുത്തുചെല്ലാം.

## ഈജിപ്റ്റിൽ 3500 വർഷം പഴക്കമുള്ള മമ്മി കണ്ടെത്തി



ഈജിപ്റ്റിൽ 3500 വർഷം മുമ്പ് സംസ്ക്കരിച്ച ജഡം പുരാവസ്തു ഗവേഷകർ കുഴിച്ചെടുത്തു. നൈൽ നദീ തീരത്തെ സക്ഷറിലെ ഡ്രാ അബൂൽ നാഗ ഏരിയായിൽ ക്ഷേത്രങ്ങളും കല്ലറകളും സ്ഥിതി ചെയ്യുന്ന സ്ഥലത്തു നടത്തിയ ഉൽഖനനത്തിലാണ് ഫറവോന്റെ കാലത്ത് അടക്കം ചെയ്ത ജഡം കണ്ടെത്തിയത്. കല്ലറയിൽ തടികൊണ്ടുള്ള മുഖം മൂടികളും , വിവിധ നിറങ്ങളിലുള്ള ചുവർ ചിത്രങ്ങളും കണ്ടെടുത്തു.

ഈജിപ്റ്റിലെ ആന്റികിറ്റീസ് മന്ത്രാലയത്തിന്റെ ചുമതലയിലായിരുന്നു ഗവേഷണം. ജഡം ആരുടേതെന്ന് തിരിച്ചറിഞ്ഞിട്ടില്ല. എന്നാൽ രണ്ടു സാദ്ധ്യതകൾ നിലനിൽക്കുന്നതായി മന്ത്രാലയം അഭിപ്രായപ്പെടുന്നു. ഒന്നാമതായി ഡിജിഹുതിമെസ് എന്ന ആളുടെ പേര് ചുവർ ചിത്രങ്ങളിൽ കാണുന്നു. മറ്റൊന്ന് ഒരു പണ്ഡിതനായ മാത്തിയുടെയും ഭാര്യ മെഹിയുടെയും പേരുകൾ ചുമർ ചിത്രത്തിലൂടെ വരച്ചു കാട്ടുന്നു. ധനാഢ്യരായ ആരുടെയെങ്കിലും ജഡം സംസ്ക്കരിച്ചതായിരിക്കാമെന്നാണ് നിഗമനം. ജഡം കണ്ടെത്തിയ മേഖലയിൽ നേരത്തെ നിരവധി രാജാക്കന്മാരുടെയും ഫറവോമാരുടെയും ജഡങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ ഗവേഷണത്തിനുള്ള ശ്രമമാണ് നടക്കുന്നത്.



അപ്കോൺ വോയ്സ്
അബുദാബി പെന്റെക്കോസ്റ്റൽ ചർച്ചസ് കോൺഗ്രിഗേഷന്റെ ഔദ്യോഗിക വാർത്താ പത്രിക
വാല്യം 1 ലക്കം 3
ജനുവരി 2018
അതിവേഗം 5000 വായനക്കാരിലേക്ക്



പുറം മറുപുറം

പരദേശി

# യു.എ.ഇ.യിൽ തൊഴിൽ വിസക്ക് സ്വഭാവ സർട്ടിഫിക്കറ്റ് വേണം...




യു.എ.ഇ യിൽ തൊഴിൽ വിസ ലഭിക്കാൻ ഇനി മുതൽ സ്വഭാവ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. യു.എ.ഇ മന്ത്രിസഭയുടെ ഉത്തരവു പ്രകാരം കോർഡിനേഷൻ കമ്മറ്റിയുടേതാണ് തീരുമാനം. തൊഴിൽ വിസയ്ക്ക് അപേക്ഷിക്കുന്നവർ യു.എ..ഇ. വിദേശകാര്യ മന്ത്രാലയം സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ് ഹാജരാക്കണം.അടുത്ത മാസം 4-ാം തീയതി മുതൽ പുതിയ നിയമം നിലവിൽ വരും. ജന്മനാട്ടിലെ ഭരണകൂടമോ തൊഴിൽ വിസയ്ക്ക് അപേക്ഷിക്കുന്ന വ്യക്തി അഞ്ചു വർഷത്തിൽ കൂടുതൽ താമസിക്കുന്ന രാജ്യത്തെ സർക്കാരോ ആണ് സ്വഭാവ സർട്ടിഫിക്കറ്റ് നൽകേണ്ടത്. രാജ്യത്തെ സുരക്ഷയും സമാധാന അന്തരീക്ഷവും ഉറപ്പാക്കുന്നതിനായാണ് ഈ നടപടി.

ഈ വാർത്ത വായിച്ചപ്പോൾ പരദേശിയുടെ ചിന്ത മറ്റൊരു വഴിക്കാണ് തിരിഞ്ഞത്. ഒരു രാജ്യത്ത് ജോലി ചെയ്യണമെങ്കിൽ വ്യക്തിയുടെ നല്ലനടപ്പിനെക്കുറിച്ചുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നാണ് നിയമം വന്നിരിക്കുന്നത്. രാജ്യത്ത് വിധ്വംസക പ്രവർത്തനങ്ങളിലോ വർഗ്ഗീയസംഘർഷങ്ങളിലോ കുറ്റകൃത്യങ്ങളിലോ ഏർപ്പെട്ടിട്ടുള്ളവർക്ക് ഇനി യു.എ.ഇ. യിലെത്തി ജോലി തരപ്പെടുത്താമെന്നു കരുതേണ്ട എന്നു സാരം. ഇവിടെ ഒരു രാജ്യത്തേക്കു പ്രവേശിക്കണമെങ്കിൽ സർട്ടിഫിക്കറ്റ് ആവശ്യമുള്ളതു പോലെ സ്വർഗ്ഗരാജ്യത്തേക്കുള്ള പ്രവേശനത്തിനും ഒരു സ്വഭാവ സർട്ടിഫിക്കറ്റ് ആവശ്യമായിരിക്കില്ലേ? സ്വഭാവദൂഷ്യമുള്ളവനെ ലോകത്തിലെ ജോലിക്കു പോലും വേണ്ടെങ്കിൽ ദൈവരാജ്യത്തിന്റെ കെട്ടുപണിക്ക് അങ്ങനെയുള്ളവരെ ദൈവം നിലനിർത്തുമോ? വ്യാജഭാവങ്ങളും പുറംപൂച്ചുകളും കർത്താവിന്റെ മുമ്പിൽ വെളിപ്പെടുമെന്ന് ഓർക്കുക. രക്ഷിക്കപ്പെട്ടവരെന്ന് അവകാശപ്പെടുമ്പോഴും പഴയ പ്രവൃത്തിയിൽ തന്നെ തുടരുന്ന പലർക്കും ഇവിടെ പലരിൽ നിന്നും ചിലപ്പോൾ സ്വാധീനത്തിന്റെയും പിടിപാടിന്റെയും പേരിൽ നല്ല സർട്ടിഫിക്കറ്റ് ലഭിച്ചാലും കർത്താവിൽ നിന്നും അത്തരമൊന്നു ലഭിക്കില്ല.

'ആകയാൽ നിങ്ങളുടെ മനസ്സു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചു കൊൾവിൻ. പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ.'ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ. മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ' (1 പത്രൊാസ് 1: 13-17).




ABU DHABI PENTECOSTAL CHURCHES CONGREGATION (APCCON)
C/o St. Andrew's Church P.O., Box No. 262, Abu Dhabi
Email: apcconadh@gmail.com, Website: www.apccon.com
For more details contact: APCCON Secretary - Bro. O.T. Mathewkutty 00 971 50 615 6579